**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2835** **28-02-2023 - ൽ മറുപടിയ്ക്ക്**

**പൊൻമുടി, ശംങ്കിലി പ്രദേശങ്ങൾ ഉൾപ്പെടുത്തി വന്യജീവി സങ്കേതം ആരംഭിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ കിഴക്കൻ വനമേഖലയായ പൊൻമുടി, ശംങ്കിലി പ്രദേശങ്ങൾ ഉൾപ്പെടുത്തി പുതുതായി വന്യജീവി സങ്കേതം ആരംഭിക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | പൊൻമുടി വന്യജീവി സങ്കേതം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം 23.01.2020 ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഔദ്യോഗിക തീരുമാനം സ്വീകരിക്കുന്നതിനു മുൻപായി തദ്ദേശവാസികളുമായി കൂടിയാലോചിച്ചെടുത്ത തീരുമാനം ബോർഡിൻറെ അടുത്ത യോഗത്തിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.<br><br>ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു. വാമനപുരം എം.എൽ.എ, ശ്രീ. ഡി.കെ. മുരളിയുടെ അദ്ധ്യക്ഷതയിൽ പൊതുജനങ്ങളുമായി 10.10.2020 ൽ പൊൻമുടിയിൽ വച്ച് യോഗം ചേരുകയും ടി വിഷയം ചർച്ച ചെയ്യുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, വന സംരക്ഷണ സമിതി അംഗങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിരുന്നു. 137 സ്ക്വയർ കി.മീ. വനപ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നത് ആ പ്രദേശത്തെ ജൈവവൈവിധ്യത്തെ സംരക്ഷിക്കാൻ സഹായിക്കുമെന്നുള്ള പൊതു അഭിപ്രായം പ്രസ്തുത യോഗത്തിൽ രൂപീകൃതമായി. 23.01.2020 ലെ ബോർഡ് യോഗതീരുമാനം അനുസരിച്ച് പൊൻമുടി വന്യജീവി സങ്കേതം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം വീണ്ടും സംസ്ഥാന വന്യജീവി ബോർഡ് മുൻപാകെ സമർപ്പിക്കാൻ യോഗം തീരുമാനിച്ചു.<br><br>നിർദ്ദിഷ്ട വന്യജീവി സങ്കേതത്തിന് 'പൊൻമുടി' എന്ന പേര് നൽകുന്നത് പൊൻമുടിയിലുള്ള അനേകം ജനവാസ കേന്ദ്രങ്ങളും ടൂറിസം കേന്ദ്രങ്ങളും നിർദ്ദിഷ്ട വന്യജീവി സങ്കേതത്തിന്റെ ഭാഗമാണെന്നുള്ള തെറ്റിദ്ധാരണ പൊതുജനങ്ങളിൽ ഉണ്ടാകുമെന്നതിനാൽ പൊൻമുടി വന്യജീവി സങ്കേതത്തിന് 'ശംഖിലി' വന്യജീവി സങ്കേതം എന്നു |

| | | | |
|---|---|---|---|
| | | | പുനർ നാമകരണം ചെയ്യാൻ നിർദ്ദേശിച്ചു. പൊൻമുടി വന്യജീവി സങ്കേത്തിന് 'ശംഖിലി' വന്യജീവി സങ്കേതം എന്നു പുനർനാമകരണം ചെയ്യുന്നതിനും, ടി പ്രൊപ്പോസൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനും, 19.01.2023-ന് കൂടിയ സംസ്ഥാന വന്യജീവി ബോർഡിൽ ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത നിർദ്ദേശം ബോർഡ് മാറ്റി വയ്ക്കുകയാണ് ചെയ്തത്. |
| (ബി) | എങ്കിൽ പ്രസ്തുത വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ ഏതെല്ലാം വില്ലേജ് പ്രദേശങ്ങളായിരിക്കും വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | പെരിങ്ങമ്മല, വിതുര, തെന്നൂർ, കുളത്തുപ്പുഴ എന്നീ വില്ലേജുകളാണ് പ്രസ്തുത സങ്കേതത്തിന്റെ പരിധിയിൽ വരുന്നത്. |

സെക്ഷൻ ഓഫീസർ